നം.കെ.എസ്.എ.പിറ്റിഎ.പി5-780/2019 തീയതി: 17.9.2019

**പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) -വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 14.7.2018 മുതൽ 31.7.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വിജയലക്ഷ്മി പി കെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 19.8.2019 മുതൽ 2.9.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം** | ശ്രീ. അരുൺ.എസ്.നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. അരുൺകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീ. സാംസൺ തെക്കേതിൽ | 1.4.2018 മുതൽ 1.12.2018 വരെ |
| ശ്രീമതി ഷീബ ആനി ജോർജ്ജ് *(വൈസ് പ്രസിഡന്റ്)* *(പ്രസിഡന്റിന്റെ ചുമതല)* | 2.12.2018 മുതൽ 21.12.2018 വരെ |
| ശ്രീ. എം എസ് സിജു | 22.12.2018 മുതൽ 31.3.2019 വരെ |

**വൈസ് പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി ഷീബ ആനി ജോർജ്ജ് | 1.4.2018 മുതൽ 1.1.2019 വരെ |
| ശ്രീമതി മിനി ജോൺ | 2.1.2019 മുതൽ 31.3.2019 വരെ |

**സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻമാർ**

| | |
|---|---|
| ശ്രീ. ബാബുജി തര്യൻ *(വികസനകാര്യം)* | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീ. കെ പി മുകുന്ദൻ *(ആരോഗ്യം- വിദ്യാഭ്യാസം)* | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീമതി ഗീതാ സദാശിവൻ *(ക്ഷേമകാര്യം)* | 1.4.2018 മുതൽ 31.3.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ. വൈ ഇസ്മയിൽകുഞ്ഞ് | 1.4.2018 മുതൽ 7.5.2018 വരെ |
| ശ്രീ. ജോൺ കെ സ്റ്റീഫൻ *(ഹെഡ് ക്ലർക്ക്)* *(സെക്രട്ടറിയുടെ ചുമതല)* | 8.5.2018 മുതൽ 24.6.2018 വരെ |
| ശ്രീ. വിദ്യാധരൻ പിള്ള | 25.6.2018 മുതൽ 1.7.2018 വരെ |
| ശ്രീ. പ്രസാദ് പി രവി | 2.7.2018 മുതൽ 20.8.2018 വരെ |
| ശ്രീ. ജോൺ കെ സ്റ്റീഫൻ *(ഹെഡ് ക്ലർക്ക്)* *(സെക്രട്ടറിയുടെ ചുമതല)* | 21.8.2018 മുതൽ 24.8.2018 വരെ |
| ശ്രീ. രാധാകൃഷ്ണൻ നായർ സി കെ *(അസിസ്റ്റന്റ് സെക്രട്ടറി)* *(സെക്രട്ടറിയുടെ ചുമതല)* | 25.8.2018 മുതൽ 17.9.2018 വരെ |
| ശ്രീ. സുരേഷ് കുമാർ കെ സി | 18.9.2018 മുതൽ 31.3.2019 വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| **കൃഷി ഓഫീസർ** | |
|---|---|
| ശ്രീമതി നിമിഷ സാറ ജെയിംസ് | 1.4.2018 മുതൽ 31.3.2019 വരെ |
| | |

| | |
|---|---|
| **മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)** | |
| ഡോ. മായ ആർ | 1.4.2018 മുതൽ 8.8.2018 വരെ |
| ഡോ. ലക്ഷ്മി ബലരാമൻ | 9.8.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)** | |
| ഡോ. മഞ്ജു ജി എൽ | 1.4.2018 മുതൽ 22.7.2018 വരെ |
| ഡോ. വിനോദ് എൻ | 23.7.2018 മുതൽ 31.3.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | |
| ഡോ. ശീതൾ സുഗതൻ | 1.4.2018 മുതൽ 31.3.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീമതി സീനാകുമാർ | 1.4.2018 മുതൽ 31.3.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഇലഞ്ഞൂർ സർക്കിൾ)** | |
| ശ്രീ. നിധീഷ് ചന്ദ്രൻ | 1.4.2018 മുതൽ 31.3.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വാര്യാപുരം സർക്കിൾ)** | |
| ശ്രീ. ഷംനാദ് എ | 1.4.2018 മുതൽ 31.3.2019 വരെ |
| **വെറ്ററിനറി സർജൻ** | |
| ഡോ. രാജു മാത്യു | 1.4.2018 മുതൽ 31.3.2019 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | |
| ശ്രീമതി രാജിബായി | 1.4.2018 മുതൽ 19.7.2018 വരെ |
| ശ്രീമതി ശ്രീലേഖ വി | 20.7.2018 മുതൽ 31.3.2019 വരെ |
| **ഹെഡ് മാസ്റ്റർ, ജിഎൽപിഎസ്** | |
| ശ്രീമതി കവിത | 1.4.2018 മുതൽ 24.6.2018 വരെ |
| ശ്രീമതി അനിതകുമാരി കെ | 25.6.2018 മുതൽ 31.3.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | |
| ശ്രീ. പ്രദീപ്കുമാർ | 1.4.2018 മുതൽ 31.3.2019 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: ഓഡിറ്റ് റിപ്പോർട്ട്**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2018-19
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2018-19

**സൂചിക**


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം 1- ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | പൊതുഅവലോകനം, ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | പദ്ധതി നടത്തിപ്പ് - അവലോകനം | 1-12 |
| 13 | ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല | 1-13 |
| 14 | വീട് വാസയോഗ്യമാക്കൽ പദ്ധതി- കൈപ്പറ്റിയ തുക വിനിയോഗിച്ചില്ല | 1-14 |
| 15 | അനർഹർക്ക് ലാപ് ടോപ്പ് നൽകി | 1-15 |
| 16 | വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത വ്യക്തിയ്ക്ക് വിവാഹ ധനസഹായം നൽകി | 1-16 |
| 17 | എഗ്രിമെന്റില്ലാതെ തുക ഡെപ്പോസിറ്റ് ചെയ്തു | 1-17 |
| 18 | കെയ്കോയിൽ നിന്നുമുള്ള വളം വാങ്ങൽ- അപാകതകൾ | 1-18 |
| 19 | വാഴക്കൃഷി വികസനം- വാഴക്കന്ന് വാങ്ങൽ- അപാകതകൾ | 1-19 |

| | | |
|---|---|---|
| 20 | പെർമിറ്റ് നൽകിയതിൽ അപാകത | 1-20 |
| 21 | ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള പദ്ധതികൾ - മുൻകൂർ തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ മരുന്ന് സപ്ലൈ ചെയ്തിട്ടില്ല | 1-21 |
| | ഭാഗം 2- വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22 | തെറ്റായ വസ്തുനികുതി നിർണ്ണയം - ഗ്രാമപഞ്ചായത്തിന് പ്രതിവർഷം 10596 രൂപ നഷ്ടം | 2-1 |
| 23 | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത | 2-2 |
| | ഭാഗം 3 - ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 24 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-2 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 28 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 32 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-9 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബഡ്ജറ്റ്

2018-19 വർഷത്തെ ബഡ്ജറ്റ് 3.3.18-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 28.3.18-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 11224900 | 8224323 | | 3000577 |
| വരവ് | 91762758 | 50965617 | | 46797141 |
| ആകെ | 102987658 | 59189940 | | 43797718 |
| ചെലവ് | 101483397 | 48618379 | | 52865018 |
| നീക്കിയിരിപ്പ് | 1504261 | 11171561 | 9667300 | |

ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും, യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ സ്ഥാപനത്തിലെ ഉചിതമല്ലാത്ത ധനകാര്യ മാനേജ്മെന്റിനെയാണ് സൂചിപ്പിക്കുന്നത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 9.4.2019 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 8224323 |
| വരവ് | 50965617 |
| ആകെ | 59789940 |
| ചെലവ് | 48618379 |
| നീക്കിയിരിപ്പ് | 11171561 |

# 1-4 ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | തൻവർഷ വരവ്/ അലോട്ട്മെന്റ് തുക | ആകെ | ചെലവ് | നീക്കി ബാക്കി/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 9319717 | 9319717 | 8926541 | 393176 | 95.8 |
| വികസന ഫണ്ട് (എസ്.സി.പി) | - | 6515000 | 6515000 | 6452953 | 62047 | 99.0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | 129000 | 129000 | 71679 | 57321 | 55.6 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 8993000 | 8993000 | 8416080 | 576920 | 93.6 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 2780000 | 2780000 | 1222619 | 1557381 | 44.0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 5945293 | 5945293 | 4028468 | 1916825 | 67.7 |
| SBT തനത് ഫണ്ട് | 3516511 | 2381101 | 5897612 | 1184642 | 4712970 | |
| തനത് ഫണ്ട് | 4852221 | 10922717 | 15774938 | 8585519 | 7189419 | |
| MGNREGS | 62 | 322558 | 322620 | 318934 | 3686 | |
| SBI ഇ-പേയ്മെന്റ് | 138601 | 68560 | 207161 | 159383 | 47778 | |
| ട്രഷറി ടി.എസ്.ബി (തനത് ഫണ്ട്) | 196857 | 6349558 | 6546415 | 2529722 | 4016693 | |
| ട്രഷറി ജോയിന്റ് വെൻചർ | -333388 | 3330000 | 2996612 | 1905000 | 1091612 | |
| ബി-ഫണ്ട് | - | 25930000 | 25930000 | 25930000 | - | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|
| 192 | 53825086 | 139 | 35060329 | 53 | 65.14 |

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |

| | | | | | |
|---|---|---|---|---|---|
| ഉല്പാദനം | 12 | 3700150 | 11 | 3335599 | 90.14 |
| സേവനം | 65 | 24349480 | 55 | 1496527 | 61.46 |
| പശ്ചാത്തലം | 115 | 25775456 | 83 | 16759453 | 65.02 |
| **ആകെ** | **192** | **53825086** | **139** | **35060329** | **65.14** |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 18 | 4521793 | 2651867 | 58.65 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 13 | 3249560 | 2671610 | 82.21 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 126 | 82 | 30479729 | 16623450 | 54.54 |
| വി.ഇ.ഒ | 7 | 5 | 6095455 | 4254986 | 69.81 |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 1 | 1 | 1000000 | 950000 | 95 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 2 | 2 | 600000 | 600000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3491552 | 3085970 | 88.38 |
| കൃഷി ഓഫീസർ | 6 | 6 | 2150150 | 2116750 | 98.45 |
| വെറ്ററിനറി സർജൻ | 2 | 2 | 650000 | 618849 | 95.21 |
| എച്ച്.എം, ഗവ. എൽ.പി.എസ് | 2 | 2 | 686847 | 686847 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 700000 | 600000 | 85.71 |
| **ആകെ** | **192** | **139** | **53825086** | **35060329** | **65.14** |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 62 | 322558 | 322620 | 318934 | 3686 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 10914976 | 10914976 | 10914976 | - |

| | | | | | |
|---|---|---|---|---|---|
| ആകെ | 62 | 11237534 | 11237596 | 11233910 | 3686 |

# 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *പെൻഷൻ ഇനത്തിലെ ചെലവ്* |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 823 | 3512700 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 3137 | 14418500 |
| വികലാംഗ പെൻഷൻ | 506 | 2178800 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 42 | 172800 |
| വിധവാ പെൻഷൻ | 1306 | 5631600 |
| തൊഴിൽ രഹിത വേതനം | 17 | 15600 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.9.2019-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 306/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 പൊതുഅവലോകനം, ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എന്നാൽ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. ഓഫീസ്

ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ നിക്ഷിപ്തമായ ഗ്രാമസഭയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക്, പഞ്ചായത്തിന്റ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

*<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.</u>*

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് 13 വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലെയും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ മുൻഗണനക്രമത്തിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ കേവലം പേരിനുള്ളത് മാത്രമായി പരിണമിക്കുന്ന യാഥാർത്ഥ്യമാണുള്ളത്. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ ശ്രമിച്ചിട്ടില്ല.

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നല്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.5.19-25.5.19 | 2/19 – 4/19 | 26.5.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.4.2008 – 30.4.2008 | 1997-98 – 2007-08 | 19.6.2008 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. 26.7.2011-ലെ സ.ഉ(കൈ.)152/2011/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തീകരിച്ചിട്ടില്ല.

പ്രസ്തുത അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-12 പദ്ധതി നടത്തിപ്പ് - അവലോകനം

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ആസൂത്രണം ചെയ്ത 192 പദ്ധതികളിൽ 139 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി ചെലവ് 65.14 ശതമാനം മാത്രമാണ്. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പദ്ധതി വിഭാവനം ചെയ്യണമെന്ന തത്വം പാലിക്കപ്പെട്ടിട്ടില്ല. പശ്ചാത്തല മേഖലയിലെ മിക്കവാറും എല്ലാ പ്രോജക്ടുകളും വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്.

*ഉത്പാദന മേഖല*

ആകെ പദ്ധതി ചെലവിന്റെ 9.5 ശതമാനം മാത്രമാണ് ഉത്പാദന മേഖലയിൽ ചെലവഴിച്ചിട്ടുള്ളത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ മാത്രമാണ് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയത്. വ്യവസായം, മണ്ണ്സംരക്ഷണം, ജലസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ മേഖലകൾ പൂർണ്ണമായി അവഗണിക്കപ്പെട്ടു. ഉത്പാദന മേഖലയെ പൂർണ്ണമായി അവഗണിക്കപ്പെട്ട അവസ്ഥയാണ്.

*സേവന മേഖല*

സേവന മേഖലയിൽ ചെലവ് 62 ശതമാനമാണ്. വിദ്യാഭ്യാസ രംഗത്ത് കാര്യമായ പദ്ധതികൾ ഒന്നും തന്നെ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ചിറമൽ സ്കൂളിൽ സ്മാർട്ട് ക്ലാസ്സ്റൂം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഉപേക്ഷിക്കപ്പെട്ടു. കല-കായിക രംഗത്തും യാതൊരു പ്രോജക്ടും നടപ്പിലാക്കിയില്ല. ഇലഞ്ഞൂർ മാർക്കറ്റിലെ ഖരമാലിന്യ സംസ്കരണ സംവിധാനം, ഹോമിയോ ആശുപത്രി മെയിന്റനൻസ്, വനിതകൾക്ക് തൊഴിൽ പരിശീലനം, ഉൽപ്പന്ന-വിപണന കേന്ദ്രം, നെട്ടൂരുപ്പ് പട്ടികജാതി കോളനി പൈപ്പ് ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള പല പ്രോജക്ടുകളും ഉപേക്ഷിക്കപ്പെട്ടു.

*പശ്ചാത്തല മേഖല*

പശ്ചാത്തല മേഖലയിൽ 65 ശതമാനം ചെലവ് നടന്നിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ഏറ്റവും അധികം ചെയ്തിട്ടുള്ളത്. ഇ-ടെണ്ടർ വളരെ കുറച്ച് പ്രവൃത്തികൾക്ക് മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. മരാമത്ത് പ്രവൃത്തികളിൽ വികസന ഫണ്ടിന്റ വകയിരുത്തൽ വളരെ കുറവാണ്. പ്രവൃത്തികളുടെ മൂന്നിലൊന്ന് ഭാഗം മാർച്ച് മാസത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം, കൂടാതെ റോഡ് കോൺക്രീറ്റിംഗ്, ടാറിംഗ് മരാമത്ത് പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല.

പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും പ്രയോജനപ്രദമായ പദ്ധതികൾ ഏറ്റെടുത്ത്, അവ സമയബന്ധിതമായി നടപ്പിലാക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെയും, ഉദ്യോഗസ്ഥരുടെയും ശ്രമമുണ്ടാകേണ്ടതാണ്.

# 1-13 ജീവനക്കാരുടെ ശമ്പള പരിഷ്കരണം- പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കിയിട്ടില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി) നം.7/2016/ധന. തീ. 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ

ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്കിയിട്ടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം 2/2016 മുതൽ പുതിയ നിരക്കിൽ ഒടുക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച തുക അടിയന്തിരമായി ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 വീട് വാസയോഗ്യമാക്കൽ പദ്ധതി- കൈപ്പറ്റിയ തുക വിനിയോഗിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വീട് വാസയോഗ്യമാക്കൽ-ജനറൽ (145/19) |
| വകയിരുത്തിയ തുക | 2500000<br>വികസന ഫണ്ട്- 1715928<br>തനത് ഫണ്ട് -784072 |
| ചെലവഴിച്ച തുക | 1597261- വികസന ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ടി പ്രോജക്ട് പ്രകാരം 15 ഗുണഭോക്താക്കൾക്കാണ് വീട് വാസയോഗ്യമാക്കുന്നതിന് സബ്സിഡി നൽകിയത്. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് പരമാവധി 100000 രൂപ വരെയാണ് സബ്സിഡി നൽകിയത്. എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ 25000 രൂപ അഡ്വാൻസായി നൽകുകയും തുടർന്ന് അസ്സിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ അഡ്വാൻസ് തുക കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് നടത്തുകയോ ബാക്കി തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | ബിൽ നമ്പരും തീയതിയും |
|---|---|---|---|
| 1 | രമാദേവി<br>രതീഷ് ഭവനം<br>പരിയാരം.പി.ഒ | 25000 | 29/29.12.2018 |
| 2 | ഗീതാ മുരളി<br>വലിയകാലായിൽ<br>ഇടപ്പരിയാരം | 25000 | 36/28.1.2019 |

ടി അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10/27-08-2019) ലഭ്യമാക്കിയ മറുപടിയിൽ, രണ്ട് ഗുണഭോക്താക്കളും അഡ്വാൻസ് കൈപ്പറ്റിയെങ്കിലും വീട് മെയിന്റനൻസ് പൂർത്തീകരിച്ച് മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല എന്നാണ് വി.ഇ.ഒ

അറിയിച്ചിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ ടി ഗുണഭോക്താക്കൾക്ക് നൽകിയ പദ്ധതിപ്പണം പാഴായി എന്നാണ് ബോധ്യപ്പെടുന്നത്. ആയതിനാൽ ടി ഗുണഭോക്താക്കളെക്കൊണ്ട് വീട് മെയിന്റനൻസ് പൂർത്തീകരിപ്പിക്കുകയോ അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. നൽകിയ തുക ഉപയോഗിക്കാത്ത സാഹചര്യത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-15 അനർഹർക്ക് ലാപ് ടോപ്പ് നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (20/19) |
| വകയിരുത്തിയ തുക | 450000 |
| ചെലവഴിച്ച തുക | 418200 |
| ബിൽ നമ്പരും തീയതിയും | ബിൽ നം- 6/28-12-2018 --- 139400 രൂപ<br>ബിൽ നം-10/31-12-2018 --- 139400 രൂപ<br>ബിൽ നം-19/23-2-2019 --- 83640 രൂപ<br>ബിൽ നം-20/23-2-2019 --- 55760 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം 15 വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് നൽകിയത്. ടെണ്ടർ നടപടി പ്രകാരം ഇൻഫോ ഐ.റ്റി സിസ്റ്റംസ്, അടൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാപ് ടോപ്പുകൾ വാങ്ങിയത്. 27880 രൂപയാണ് ഒരു ലാപ് ടോപ്പിന്റെ വില. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം ,പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് , ചാർട്ടർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർക്കാർ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന കുട്ടികൾക്കാണ് ലാപ് ടോപ്പ് വിതരണം ചെയ്യാവുന്നത്. എന്നാൽ ടി നിർദ്ദേശങ്ങളുടെ പരിധിയിൽ വരാത്ത വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേരും വിലാസവും | കോഴ്സിന്റെ വിവരങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | ഹരി രാജൻ<br>S/O രാജൻ.എം.ആർ | Professional Diploma in Mechanical & Automobile Engineering | ഒരു വർഷ സ്വാശ്രയ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിയാണ്. |

| | | | |
|---|---|---|---|
| | ഇടപ്പരിയാരം.പി.ഒ ഇനന്തുർ | (One year course) at N.S.S Polytecnic college, Pandalam | കോഴ്സിന് സർക്കാർ അംഗീകാരം ഉള്ളതിന്റെ രേഖകളില്ല. |
| 2 | ആതിര തമ്പി D/O രതി തമ്പി കോട്ടച്ചിറകാലായിൽ ഇടപ്പരിയാരം | G.N.M course in Sathyabhama School of Nursing,Kadapra | ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിന് ആധികാരികതയില്ല. സർട്ടിഫിക്കറ്റിന്റെ പകർപ്പിലാണ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ സീൽ ഇല്ല |
| 3 | സുജിത്.എസ് പ്ലാന്തവേലിൽ ഇലന്തുർ | Advanced diploma in multinational Corporate accounts at School of Corporate Accounts,Palarivattam | സർക്കാർ അംഗീകൃത സ്ഥാപനമല്ല |

ടി വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-11/27-08-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ അനർഹരായ കുട്ടികൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 83640 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

# 1-16 വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത വ്യക്തിയ്ക്ക് വിവാഹ ധനസഹായം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | എസ്.സി വിവാഹ ധനസഹായം (19/19) |
| വകയിരുത്തിയ തുക | 600000 |
| ചെലവഴിച്ച തുക | 600000 |
| ബിൽ നമ്പരും തീയതിയും | ബിൽ നം- 1/14-08-2018 --- 150000 രൂപ<br>ബിൽ നം-2/16-09-2018 --- 75000 രൂപ<br>ബിൽ നം-3/29-9-2018 --- 75000 രൂപ<br>ബിൽ നം-8/28-12-2018 --- 75000 രൂപ<br>ബിൽ നം-18/12-2-2018 --- 75000 രൂപ<br>ബിൽ നം-22/8-3-2019 --- 75000 രൂപ<br>ബിൽ നം-28/25-03-2019--- 75000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം 75000 രൂപ വീതം 8 ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തത്. ശ്രീമതി ശരണ്യ എസ്, D/O വിജയൻ, വേങ്ങവിളയിൽ, ഇലന്തുർ എന്നയാളുടെ വിവാഹ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് 75000 രൂപ നൽകിയിരിക്കുന്നത്. ടി വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-11/27-08-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ ടി ഗുണഭോക്താവിന് നൽകിയ 75000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണവും ടി ഗുണഭോക്താവിന്റെ വിവാഹസർട്ടിഫിക്കറ്റും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലായെങ്കിൽ 75000 രൂപ നിരാകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

# 1-17 എഗ്രിമെന്റില്ലാതെ തുക ഡെപ്പോസിറ്റ് ചെയ്തു

2018-19 സാമ്പത്തിക വർഷം നാല് പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിരുന്നു. നിർവ്വഹണ സ്ഥാപനവുമായി എഗ്രിമെന്റ് വയ്ക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ അസ്സിസ്റ്റന്റ് സെക്രട്ടറി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നമ്പരും പേരും | തുക/ബിൽ നം | നിർവ്വഹണ സ്ഥാപനം |
|---|---|---|---|
| 1 | ചായപുന്നയ്ക്കൽ എസ്.സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (139/19) | 100000<br>ബിൽ നം-14/19 തീ 31-01-2019 | കേരള വാട്ടർ അതോറിറ്റി<br>പി.എച്ച് ഡിവിഷൻ<br>പത്തനംതിട്ട |
| 2 | മേലേ ഭാഗം - കുട്ടുപാറയ്ക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (209/19) | 90000<br>ബിൽ നം-24/19 തീ 08-03-2019 | -ടി- |
| 3 | കുറ്റിയിൽപ്പടി- കൊല്ലാംമ്പാറ ലക്ഷംവീട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (213/19) | 250000<br>ബിൽ നം-23/19 തീ 19-03-2019 | -ടി- |
| 4 | മഹാണിമല കോളനി കുഴൽകിണർ (27/19) | 71679<br>ബിൽ നം-17/19 തീ 12-02-2019 | ഭൂജല വകുപ്പ്<br>പത്തനംതിട്ട |

ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം- 11/27-08-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃത കരാർ ചമയ്ക്കാതെ തുക കൈമാറിയിരിക്കുന്നതിനാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കാനാവില്ല. ടി ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

# 1-18 കെയ്ക്കോയിൽ നിന്നുമുള്ള വളം വാങ്ങൽ- അപാകതകൾ

2018-19-ൽ 4 പ്രോജക്ടുകളിലായി 649501 രൂപയുടെ ജൈവവളം കർഷകർക്ക് വിതരണം ചെയ്തു. എന്നാൽ വളം വാങ്ങലിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. വിത്തും വളവും പൂർണ്ണമായും കെയ്ക്കോ, തിരുവല്ല എന്ന സ്ഥാപനത്തിൽ നിന്നമാണ് വാങ്ങി വിതരണം ചെയ്തത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കാർഷിക കർമ്മ സേനകൾ, കർഷക ഗ്രൂപ്പകൾ, കർഷകർ, കുടുംബശ്രീ/അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലൈബലിറ്റി ഗ്രൂപ്പകൾ തുടങ്ങിയവർ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിട്ട് നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നം നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വളം വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതിയിൽ ലോക്കൽ പർച്ചെയ്സ് നടത്താവുന്നതാണ്. എന്നാൽ ടെണ്ടർ നടപടികളോ ലോക്കൽ പർച്ചെയ്സോ നടത്താതെ കെയ്ക്കോ എന്ന സ്ഥാപനത്തിൽ നിന്നം നേരിട്ട് വളം വാങ്ങി വിതരണം ചെയ്യുകയാണ് ഉണ്ടായത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നമ്പരും പേരും | ആകെ ചെലവ് തുക | വാങ്ങിയ വളത്തിന്റെ അളവ് | ഒരു കിലോഗ്രാമിന്റെ വില | ആകെ |
|---|---|---|---|---|---|
| 1 | ഇടവിള കൃഷി വികസനം (4/19) | 364000 രൂപ | 5633.38 കി.ഗ്രാം | 30 | 169001 രൂപ |
| 2 | വാഴകൃഷി വികസനം(3/19) | 438750 രൂപ | 9750 കി.ഗ്രാം | 30 | 292500 രൂപ |
| 3 | പച്ചക്കറി കൃഷി വികസനം (5/19) | 369000 രൂപ | 4100 കി.ഗ്രാം | 30 | 123000 രൂപ |
| 4 | തെങ്ങ് കൃഷി വികസനം (11/19) | 65000 രൂപ | 2166.66 കി.ഗ്രാം | 30 | 65000 രൂപ |
| | | | | ആകെ | 649501 രൂപ |

ടി പ്രോജക്ടുകളുടെ പ്രോജക്ട് രൂപീകരണ ഫോറത്തിൽ കെയ്ക്കോയിൽ നിന്നമാണ് വളം വാങ്ങുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനം തദ്ദേശ സ്ഥാപനങ്ങൾക്ക് വളം നൽകുന്നതിനുള്ള ഒരു അംഗീകൃത സ്ഥാപനമാണെങ്കിൽ ആയതിന്റെ വിവരങ്ങൾ പ്രോജക്ടിൽ രേഖപ്പെടുത്താതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമല്ല. കൂടാതെ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ ടി വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 13/29-08-2019) കൃഷി ഓഫീസർലഭ്യമാക്കിയ മറുപടിയിൽ, കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഡയറക്ടറുടെ നം. റ്റി.ജി (1) 11820/17 തീ 15-03-2017 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം കെയ്ക്കോയിൽ നിന്ന് വളം വാങ്ങി കർഷകർക്ക് വിതരണം നടത്തിയിട്ടുള്ളത് എന്നാണ് അറിയിച്ചത്. എന്നാൽ ഡയറക്ടറുടെ ടി നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബാധകമല്ല. സബ്സിഡി മാർഗ്ഗരേഖ അവലംബിച്ച് മാത്രമേ തദ്ദേശസ്ഥാപനങ്ങൾ കാർഷിക മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കാവൂ. അതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. കെയ്ക്കോയിൽ നിന്നുമുള്ള വളം വാങ്ങലിന് ഗ്രാമപഞ്ചായത്തിന്റെ പ്രൊക്വർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ഉണ്ടായിട്ടില്ല. കൂടാതെ വാങ്ങിയ ജൈവവളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടില്ല. വിപണി വിലയുമായി താരതമ്യം നടത്തിയിട്ടില്ല. മോണിറ്ററിംഗ് സമിതിയുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വരും വർഷങ്ങളിൽ വളം വാങ്ങലിന്റെ വ്യത്യസ്ത പ്രോജക്ടുകൾ ഒരുമിച്ച് ചേർത്ത് ടെണ്ടർ നടപടികൾ

സ്വീകരിക്കാവുന്നതാണ്. കൂടാതെ ഏത് സ്ഥാപനത്തിൽ നിന്നും വളം വാങ്ങിയാലും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-19 വാഴക്കൃഷി വികസനം- വാഴക്കന്ന് വാങ്ങൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വാഴക്കൃഷി വികസനം (3/19) |
| വകയിരുത്തിയ തുക | 438750<br>വികസന ഫണ്ട്- 365625 രൂപ<br>ഗുണഭോക്തൃ വിഹിതം- 73125 രൂപ |
| ചെലവഴിച്ച തുക | 438750<br>വികസന ഫണ്ട്- 365625 രൂപ<br>ഗുണഭോക്തൃ വിഹിതം- 73125 രൂപ |
| ബിൽ നമ്പരും തീയതിയും | ബിൽ നം- 9/22-11-2018 --- 187500 രൂപ<br>ബിൽ നം-11/29-12-2018 --- 178125 രൂപ<br>ചെക്ക് നം-006851/27-12-2018 - 73125രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

വാഴക്കൃഷി വികസനം എന്ന പ്രോജക്ടിന്റെ ഭാഗമായി 146250 രൂപയുടെ വാഴക്കന്നുകളാണ് കെയ്കോ, തിരുവല്ല എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. ഒരു വാഴക്കന്നിന്റെ വില 17 രൂപയായിരുന്നു. ടി പ്രോജക്ടുകളുടെ പ്രോജക്ട് രൂപീകരണ ഫോറത്തിൽ കെയ്കോയിൽ നിന്നുമാണ് വാഴക്കന്നുകൾ വാങ്ങുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനം തദ്ദേശ സ്ഥാപനങ്ങൾക്ക് വിത്തുകൾ നൽകുന്നതിനുള്ള ഒരു അംഗീകൃത സ്ഥാപനമാണെങ്കിൽ ആയതിന്റെ വിവരങ്ങൾ പ്രോജക്ടിൽ രേഖപ്പെടുത്താതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമല്ല. കൂടാതെ ഓപ്പൺ മാർക്കറ്റിൽ നിലവിൽ നേന്ത്രവാഴക്കന്നുകൾക്ക് 15 രൂപയിൽ താഴെയാണ് വിലയുള്ളത്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ

നിന്നോ സർക്കാർ അംഗീകാരമുള്ള മറ്റ് ഫാമുകളിൽ നിന്നോ വാങ്ങൽ നടത്തിയിരുന്നെങ്കിൽ ഇപ്രകാരമുള്ള അമിത വില ഒഴിവാക്കാമായിരുന്നു. ഫാമുകളിൽ വിത്തുകളുടെ ദൗർലഭ്യം ഉണ്ടായിരുന്നുവെങ്കിൽ ടെണ്ടർ നടപടി മുഖേന വിത്തുകൾ വാങ്ങാമായിരുന്നു. കൂടാതെ, വാങ്ങിയ വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുമില്ല.

ടി അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 14/29-08-2019) ലഭ്യമാക്കിയ മറുപടിയിൽ കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഡയറക്ടറുടെ നം. റ്റി.ജി (1) 11820/17 തീ 15-03-2017 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം കെയ്ക്കോയിൽ നിന്ന് വാഴവിത്ത് വാങ്ങി കർഷകർക്ക് വിതരണം നടത്തിയിട്ടുള്ളത് എന്നാണ് അറിയിച്ചത്. കെയ്ക്കോയിൽ നിന്നുമുള്ള വളം വാങ്ങലിന് ഗ്രാമപഞ്ചായത്തിന്റെ പ്രൊക്വർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ഉണ്ടായിട്ടില്ല. കൂടാതെ വാങ്ങിയ വിത്തിന് വിപണി വിലയേക്കാൾ ഗുണനിലവാരം കൂടുതലാണെന്നോ വില കുറവാണെന്നോ ഉറപ്പ് വരുത്തിയിട്ടില്ല. മോണിറ്ററിംഗ് സമിതിയുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇപ്രകാരമുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ വിപണിവിലയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പെർമിറ്റ് നൽകിയതിൽ അപാകത

വാര്യാപുരത്തുള്ള ഭാരതീയ വിദ്യാ ഭവന്റെ സ്കൂൾ കെട്ടിട നിർമ്മാണത്തിന് നം- A3-BA(57884)/2019 തീ 04-02-2019 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയിരുന്നു. 2376.98 ച.മീ കെട്ടിടം നിർമ്മിക്കുന്നതിനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. 506.23 ച.മീ പുതിയ കെട്ടിടവും 1870.75 ച.മീ കെട്ടിടം നിലവിലുള്ളതുമാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 56(5) I പ്രകാരംം ഗണം ബി വിഭാഗത്തിൽപ്പെടുന്ന 1000 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് Fire N.O.C ആവശ്യമാണ്. എന്നാൽ പ്രസ്തുത അനുമതിയില്ലാതെയാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-16/29-08-2019) നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കെട്ടിടത്തിന് ഉപയോഗക്രമ സർട്ടിഫിക്കറ്റ് (Occupancy Certificate) നൽകുന്നതിന് മുമ്പായി Fire N.O.C ഉറപ്പുവരുത്തേണ്ടതാണ്.

# 1-21 ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള പദ്ധതികൾ - മുൻകൂർ തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ മരുന്ന് സപ്ലൈ ചെയ്തിട്ടില്ല

ഓഡിറ്റ് വർഷം സി.എച്ച്.സി., ആയുർവേദാശുപത്രി, എന്നിവിടങ്ങളിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ, ഔഷധി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ ചെക്ക് നം., തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 37/19 | സാന്ത്വനപരിചരണം (മെഡിക്കൽ ഓഫീസർ, സി.എച്ച്.സി) | 300000 | 5/18-19/ 24.11.18 | 36963 | 263037 |
| | | 138612 | 9/18-19/28.12.18 (85694 രൂപ) 653601/22.12.18 (52918 രൂപ) | 65777 | 72835 |
| 30/19 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (മെഡിക്കൽ ഓഫീസർ, ആയുർവേദം) | 500000 | 02/18-19/ 07.02.19 | 450335 | 49665 |

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു. ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 2-1 തെറ്റായ വസ്തുനികുതി നിർണ്ണയം - ഗ്രാമപഞ്ചായത്തിന് പ്രതിവർഷം 10596 രൂപ നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 100 ച.മീ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി

ച.മീറ്ററിന് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ 50 രൂപയുമാണ്. എന്നാൽ, 2018-19 വർഷം 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള 5കെട്ടിടങ്ങൾക്ക് നമ്പരിട്ട് നൽകിയപ്പോൾ ച.മീറ്ററിന് 40 രൂപ നിരക്കിലാണ് ഈടാക്കിയത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ ഇവിടെ കെട്ടിടത്തിന്റെ ഉപയോഗക്രമം ഒന്നുതന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേരും വിലാസവും | തറ വിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി | ഈടാക്കേണ്ട വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 3/32 B | നോബിൽ തോമസ്<br>മേമുറിയിൽ പ്രശാന്തിൽ<br>ഇലന്തൂർ | 87.26 $m^2$ | 87.26x40= 3490 | 87.26x 50= 4363 | 873 |
| 2 | 3/32 C | „ | 34.47$m^2$ | 34.47x 40= 1379 | 34.47x 50= 1724 | 345 |
| | | **ആകെ വിസ്തീർണ്ണം** | **121.73$m^2$** | | | **1218** |
| 1 | 3/63 A | റിയാ റോയി മാമ്മൻ/ സാറാ റോയി മാമ്മൻ<br>കളീക്കൽ കിഴക്കേക്കര<br>ഇലന്തൂർ | 30.31 $m^2$ | 30.31x 40= 1212 | 30.31x 50= 1516 | 304 |
| 2 | 3/63 B | „ | 27 $m^2$ | 27 x 40= 1080 | 27 x 50= 1350 | 270 |
| 3 | 3/63 C | „ | 26.84 $m^2$ | 26.84x 40= 1074 | 26.84x 50= 1342 | 268 |
| 4 | 3/63 D | „ | 29.28 $m^2$ | 29.28x 40= 1171 | 29.28x 50=1464 | 293 |
| 5 | 3/63 E | „ | 36.41 $m^2$ | 36.41x 40= 1456 | 36.41x 50= 1821 | 365 |
| 6 | 3/63 F | „ | 39.66$m^2$ | 39.66x 40= 1586 | 39.66x 50= 1983 | 397 |
| 7 | 3/63 G | „ | 37.2 $m^2$ | 37.2 x 40= 1488 | 37.2 x 50= 1860 | 372 |
| 8 | 3/63 H | „ | 35.76 $m^2$ | 35.76x 40= 1430 | 35.76x 50= 1788 | 358 |
| 9 | 3/63 I | „ | 27 $m^2$ | 27 x 40= 1080 | 27 x 50= 1350 | 270 |
| 10 | 3/63 J | „ | 27 $m^2$ | 27 x 40= 1080 | 27 x 50= 1350 | 270 |

| | | | | | | |
|---|---|---|---|---|---|---|
| 11 | 3/63 K | ,, | 29.16 $m^2$ | 29.16x 40= 1166 | 29.16x 50=1458 | 292 |
| 12 | 3/63 M | ,, | 35.01 $m^2$ | 35.01x 40= 1400 | 35.01x 50= 1751 | 351 |
| 13 | 3/63 O | ,, | 37.2 $m^2$ | 37.2 x 40= 1488 | 37.2 x 50= 1860 | 372 |
| | | **ആകെ** | **413.18$m^2$** | | | **4182** |
| 1 | 3/510 | ജോബി ജോർജ്ജ് കുന്നോട്ടത്തിൽ ഇലന്തൂർ | 38.15$m^2$ | 38.15x 40= 1526 | 38.15x 50= 1908 | 382 |
| 2 | 3/511 | ,, | 36.20 $m^2$ | 36.2 x 40= 1448 | 36.2 x 50= 1810 | 362 |
| 3 | 3/512 | ,, | 20.03$m^2$ | 20.03x 40= 1448 | 20.03x 50= 1810 | 362 |
| 4 | 3/513 | ,, | 36.20 $m^2$ | 35.2 x 40= 1408 | 35.2 x 50= 1751 | 343 |
| 5 | 3/514 | ,, | 39.50 $m^2$ | 39.5 x 40= 1580 | 39.5 x 50= 1975 | 395 |
| 6 | 3/515 | ,, | 37.91 $m^2$ | 37.91x 40= 1516 | 37.91x 50= 1896 | 380 |
| 7 | 3/516 | ,, | 34.49$m^2$ | 34.49x 40= 1380 | 34.49x 50= 1725 | 345 |
| | | **ആകെ** | **242.48 $m^2$** | | | **2569** |
| 1 | 11/202A | പ്രസന്ന കുമാർ പ്രസന്ന വിലാസം ഇലന്തൂർ | 33$m^2$ | 33 x 40= 1320 | 33 x 50= 1650 | 330 |
| 2 | 11/202 B | ,, | 8.25 $m^2$ | 8.25 x 40= 330 | 8.25 x 50= 413 | 83 |
| 3 | 11/202 C | ,, | 11.41 $m^2$ | 11.41x 40= 456 | 11.41x 50= 571 | 115 |
| 4 | 11/202 D | ,, | 19.5 $m^2$ | 19.5x 40= 780 | 19.5 x 50= 975 | 195 |
| 5 | 11/202 E | ,, | 33$m^2$ | 33 x 40= 1320 | 33 x 50= 1650 | 330 |
| 6 | 11/202 F | ,, | 13.61$m^2$ | 13.61x 40= 544 | 13.61x50=681 | 137 |
| 7 | 11/202 G | ,, | 24.48$m^2$ | 24.48x 40= 979 | 24.48x 50= 1224 | 245 |
| 8 | 11/202 H | ,, | 8.25 $m^2$ | 8.25 x 40= 330 | 8.25 x 50= 413 | 83 |

| | | | | | | |
|---|---|---|---|---|---|---|
| | | **ആകെ** | **151.50 m$^2$** | | | **1518** |
| 1 | 13/258 A | സഖറിയ താഴയിൽ ഇലഞ്ഞി | 27.04 m$^2$ | 27.04x 40= 1082 | 27.04x 50= 1352 | 270 |
| 2 | 13/258 B | ,, | 23.32 m$^2$ | 23.32x 40= 933 | 23.32x 50= 1166 | 233 |
| 3 | 13/258 C | ,, | 60.64 m$^2$ | 60.64x 40= 2426 | 60.64x 50= 3032 | 606 |
| | | **ആകെ** | **111 m$^2$** | | | **1109** |
| | | | | | **ആകെ** | **10596** |

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം-17/30-08-2019) നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിലുള്ള ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടം എന്ന് കാണിച്ചത് മൂലമാണ് ഇപ്രകാരം വരവ് നഷ്ടമുണ്ടായിരിക്കുന്നത്. 100 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന്റെ ഭാഗമായുള്ള വ്യത്യസ്ത കടമുറികൾക്ക് 100 ച.മീറ്ററിൽ താഴെയുള്ള വ്യത്യസ്ത നമ്പരുകൾ നൽകാമെങ്കിലും കെട്ടിടത്തിന്റെ ഉപയോഗക്രമം 100 ച.മീറ്ററിൽ കൂടുതൽ എന്ന് കാണിക്കേണ്ടതാണ്. ആയതിനാൽ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമാക്കി ഗ്രാമപഞ്ചായത്തിനുണ്ടായ വരവ് നഷ്ടം പരിഹരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 50 രൂപ നിരക്കിലാണ്. എന്നാൽ 2018-19 വർഷം വസ്തുനികുതി നിർണ്ണയിച്ച 4 കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിരിക്കുന്നത് 100ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കായ ച.മീറ്ററിന് 40 രൂപ എന്നുള്ള നിരക്കിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റതറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം |
|---|---|---|---|---|---|---|
| 1 | 3/529 | ഡോ നോബിൾ തോമസ് മേമുറിയിൽ പ്രശാന്തിൽ ഇലഞ്ഞി | 122.48 m$^2$ | 122.48 x 40 = 4899 രൂപ | 122.48 x 50 = 6124 രൂപ | 1225 |
| 2 | 13/305A | സാമുവേൽ തോമസ് മുട്ടത്തിൻ കാലായിൽ ഇലഞ്ഞി | 124 m$^2$ | 124 x 40 = 4960 രൂപ | 124 x 50 = 6200 രൂപ | 1240 |
| 3 | 3/530 | പി.എം.ജോസ് പൊയ്കയിൽ | 130 m$^2$ | 130 x 40 = 5200 രൂപ | 130 x 50 = 6500 രൂപ | 1300 |

| | | | | | | |
|---|---|---|---|---|---|---|
| | | ഇലഞ്ഞി | | | | |
| 4 | 3/531 | ഡോ നോബിൾ തോമസ് മെമ്മറിയിൽ പ്രശാന്തിൽ ഇലഞ്ഞി | 168.60 $m^2$ | 168.6 x 40 = 6744 രൂപ | 168.6 x 50 = 8430 രൂപ | 1686 |
| 5 | 3/532 | ഡോ. നോബിൾ തോമസ് മെമ്മറിയിൽ പ്രശാന്തിൽ ഇലഞ്ഞി | 182.46 $m^2$ | 182.46 x 40 = 7298 രൂപ | 182.46 x 50 = 9123 രൂപ | 1825 |
| 6 | 3/533 | ഡോ. നോബിൾ തോമസ് മെമ്മറിയിൽ പ്രശാന്തിൽ ഇലഞ്ഞി | 145.52 $m^2$ | 145.52 x 40 = 5821 രൂപ | 145.52 x 50 = 7276രൂപ | 1455 |
| | | | | | ആകെ | 8731 |

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം-18/30-08-2019)നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിലുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടം എന്ന് കാണിച്ചത് മൂലമാണ് ഇപ്രകാരം വരവ് നഷ്ടമുണ്ടായിരിക്കുന്നത്. ആയതിനാൽ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമാക്കി ഗ്രാമപഞ്ചായത്തിനുണ്ടായ വരവ് നഷ്ടം പരിഹരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് 9.7.2019-ലെ കെ.എസ്.എ.പി.റ്റി.എ.പി1/602(21 )/ 19-നമ്പർ പ്രകാരം വിശേഷണങ്ങളോടു കൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവ ഖണ്ഡിക 1-11-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| *വിഹിതം നൽകിയ സ്ഥാപനം* | *ലഭിച്ച തുക* | *പ്രോജക്ടിന്റെ പേര്* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 255000 | നെൽകൃഷി വികസനം | 255000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 50000 | പച്ചക്കറി വികസനം | 50000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിന് സബ്സിഡി | 0 | 100000 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | സാന്ത്വന പരിചരണം | 150000 | 50000 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 300000 | 99-ാം നമ്പർ അംഗൻവാടി നിർമ്മാണം | 0 | 300000 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 250000 | കല്ലിങ്കൽ പൂവണ്ണംപാറ റോഡ് കോൺക്രീറ്റിംഗ് | 250000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | കുറുപ്പിന്റയ്യത്ത് പടി വിളയിൽപടി റോഡ് കോൺക്രീറ്റിംഗ് | 200000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 500000 | കുളത്തിങ്കൽ മലയിറക്കം റോഡ് കോൺക്രീറ്റിംഗ് | 50000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | കാരയ്ക്കാട്ട്പറമ്പിൽ പടിഞ്ഞാറേൽ റോഡ് കോൺക്രീറ്റിംഗ് | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | സാന്ത്വന പരിചരണം | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 91612 | 96-ാം നമ്പർ അംഗൻവാടി നിർമ്മാണം | 0 | 91612 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1000000 | എസ്.സി വനിതകൾക്ക് തൊഴിൽ പരിശീലനം | 1000000 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ട് | നിക്ഷേപിച്ച സ്ഥാപനം | തുക | വൗച്ചർ നമ്പർ, തീയതി | പൂർത്തീകരണ വിവരങ്ങൾ |
|---|---|---|---|---|
| വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്. ഇ.ബി | 440210 | ട്രഷറി ബിൽ നം. – 30/18-19/20.3.19 | പൂർത്തീകരിച്ചില്ല |
| 96-ാം നമ്പർ അംഗൻവാടി പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 31352 | ട്രഷറി ബിൽ നം. - 31/18-19/25.3.19 | പൂർത്തീകരിച്ചില്ല |
| പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 150000 | ട്രഷറി ബിൽ നം. – 25/18-19/16.3.19 | പൂർത്തീകരിച്ചില്ല |
| വലിയകാലാപ്പടി കുറ്റിയിൽ പടി ചെറുകിട കുടിവെള്ള പദ്ധതി | ഭൂജല വകുപ്പ് | 167000 | ട്രഷറി ബിൽ നം. 21/18-19/14.1.19 | പൂർത്തീകരിച്ചില്ല |

പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

# 4-5 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | 289/LMC-A1/KURDFC/4.1.19 | 154687 | 0 | 154687 | 0 | 0 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നം./ തീയതി |
|---|---|---|---|---|
| 2014-15 | 3-2 | 7119/- | അസിസ്റ്റന്റ് എഞ്ചിനീയർ | 118110103132<br>13.12.2018 |
| 2014-15 | 3-2 | 30052/- | അസിസ്റ്റന്റ് എഞ്ചിനീയർ | 118110103184<br>17.12.2018 |
| 2017-18 | 3-3 | 6446/- | അസിസ്റ്റന്റ് എഞ്ചിനീയർ | 118110103185<br>17.12.2018 |
| 2017-18 | 3-3 | 896/-<br>(39/18) | അസിസ്റ്റന്റ് എഞ്ചിനീയർ | 118110103436<br>4.1.2019 |
| | ആകെ | 44513/- | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

# ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ)** <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 59789940 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48618379 |
| വരവിനങ്ങളിലുള്ള നഷ്ടം | 19327 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 208640 |

**(ബി)** <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| *ഖണ്ഡിക നമ്പർ* | *നഷ്ടമായ തുക* | | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|---|
| | *ചാർജ്ജ് ചെയ്യാവുന്നവ* | *സർചാർജ്ജ് ചെയ്യാവുന്നവ* | |
| 2-1 | 10596 | | ശ്രീ. സുരേഷ് കുമാർ കെ സി, സെക്രട്ടറി |
| 2-2 | 8731 | | ശ്രീ. സുരേഷ് കുമാർ കെ സി, സെക്രട്ടറി |
| ആകെ | 19327 | | |

**(സി)** <u>**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**</u>

| *ഖണ്ഡിക നമ്പർ* | *തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 1-14 | 15000/- | ശ്രീ. നിധീഷ് ചന്ദ്രൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-15 | 83640/- | ശ്രീ. രാധാകൃഷ്ണൻ നായർ സി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-16 | 75000/- | ശ്രീ. രാധാകൃഷ്ണൻ നായർ സി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **208640/-** | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| ഇല്ല | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| *പേര്, ഉദ്യോഗപ്പേര്* | *സ്ഥിരവിലാസം* | *ഓഡിറ്റ് വേളയിലെ വിലാസം* |
|---|---|---|
| ശ്രീ. സുരേഷ് കുമാർ കെ സി, സെക്രട്ടറി | കൊച്ചുമഠത്തിൽ, കൂനംകര പി.ഒ, റാന്നി-പെരുനാട്, പത്തനംതിട്ട | സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 3, മല്ലപ്പള്ളി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* |
|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.2/586/01 തീയതി 29.10.01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി.3/511/02 തീയതി 11.12.02 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി.2/228/04 തീയതി 14.03.05 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.2/741/04 തീയതി 12.05.05 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.11/367/08 തീയതി 30.06.09 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.11/73/10 തീയതി 31.10.10/30.12.10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.6/566/11 തീയതി 21.11.11/11.03.13 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/567/11 തീയതി 30.11.11 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി.6/40/13 തീയതി 22.03.13 |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ.പി.5/399/14 തീയതി 04.10.14 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ.പി.5/573/15 തീയതി 13.07.15/15.07.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.5/608/16 തീയതി 02.06.16 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.5/55/17 തീയതി 13.02.17 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.5/660/17 തീയതി 16.6.17 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.5/ /18 തീയതി .18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പിറ്റിഎ.പി5-780/2019 തീയതി 17.9.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

No.KSA.PTA.P5-780/2019 Date:17.9.2019

## CERTIFICATE

Certified that I have examined the Annual Financial Statement of **Elanthoor Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Elanthoor Grama Panchayat** for the year 2018-19 except the observations in para 1-11 of my report properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**